# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4840 27.06.2014-ലെ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | | ഡോ: എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) തദ്ദേശസ്ഥാപനങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വാങ്ങുന്ന ഹൈമാസ്റ്റ് ലൈറ്റുകൾ, കമ്പ്യൂട്ടറുകൾ, ഫർണിച്ചറുകൾ, മറ്റ് വിവിധ ഉപകരണങ്ങൾ എന്നിവയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും, വില നിശ്ചയിക്കുന്നതിനും എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ;<br><br>(ബി) ഇതിനായി പ്രത്യേകം മാനദണ്ഡമുണ്ടാക്കി ഏജൻസികളെ നിശ്ചയിക്കുമോ; | (എ) & (ബി) | തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വാങ്ങൽ നടപടിക്രമങ്ങളിൽ സുതാര്യത നിലനിർത്തുന്നത് ലക്ഷ്യമിട്ടുകൊണ്ട്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലും ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള ഒരു വാങ്ങൽ കമ്മിറ്റിയും സെക്രട്ടറി അല്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീമും പ്രവർത്തിക്കുന്നുണ്ട്. വാങ്ങൽ കമ്മിറ്റിയുടെ മേൽനോട്ടത്തിലും മാർഗനിർദ്ദേശത്തിലും വാങ്ങൽ മാർഗ്ഗരേഖ അനുസരിച്ച് സാധന സാമഗ്രികൾ വാങ്ങുന്നതിനാൽ സുതാര്യതയും ഗുണമേന്മയും ഉറപ്പുവരുത്താനാകുന്നുണ്ട്. കൂടാതെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകളും സാമൂഹ്യ ആഡിറ്റും ഇക്കാര്യത്തിൽ നടന്നുവരുന്നുണ്ട്.<br>തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഹൈമാസ്റ്റ് ലൈറ്റുകൾ, കമ്പ്യൂട്ടറുകൾ, ഫർണിച്ചറുകൾ, മറ്റ് വിവിധ ഉപകരണങ്ങൾ ഉൾപ്പെടെയുള്ളവ വാങ്ങുമ്പോൾ അവരവരുടെ ആവശ്യത്തിനനുസരിച്ചുള്ള സ്പെസിഫിക്കേഷനുകൾ ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തേണ്ടതും ടി സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉപകരണങ്ങളാണോ വാങ്ങുന്നതെന്ന് നിർവ്വഹണ ഉദ്യോ |

ഗസ്ഥർ ഉറപ്പുവരുത്തേണ്ടതുമാണ്. ടെണ്ടർ പരസ്യം തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിലും, പത്രത്തിലും നൽകുന്നതിനു പുറമെ വിപുലമായ ടെണ്ടർ നോട്ടീസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപ് വാങ്ങാനുദ്ദേശിക്കുന്ന സാധനത്തിന്റെ അളവ്, വാങ്ങാനുദ്ദേശിക്കുന്ന സമയം എന്നിവയെക്കുറിച്ച് വ്യക്തമായി ടെണ്ടർ നോട്ടീസിൽ പരാമർശിക്കേണ്ടതാണ്. കൂടാതെ ഹൈമാസ്റ്റ് ലൈറ്റുകളുടെ ഗുണമേന്മ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ എഞ്ചിനീയർ മുഖേനയോ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം മുഖേനയോ ഉറപ്പുവരുത്താവുന്നതാണ്.

| | | | |
|---|---|---|---|
| (സി) | മാനദണ്ഡം ലംഘിക്കുന്നവരെയും ഗ്യാരണ്ടി കാലയളവിൽ സാധനങ്ങൾ മാറ്റി നൽകാത്തവരെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾത്തന്നെ ഇതിനുള്ള വ്യവസ്ഥകൾ ഉണ്ട്. |

**സെക്ഷൻ ഓഫീസർ**